KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

little KITEs

# കൈയ്യൊപ്പ്

**DIGITAL MAGAZINE 2020**
**BY LITTLE KITES UNIT 2018/25024**
**HOLY FAMILY HIGH SCHOOL, ANGAMALY**

# ആമുഖം

---

മലയാളഭാഷയെ അറിയാനും കുട്ടികളിൽ സാഹിത്യവാസന ഉണർത്താനും വേണ്ടിയാണ് ലിറ്റിൽ കൈറ്റ്സിന്റെ നേതത്വത്തിൽ ഈ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധപ്പെടുത്തുന്നത്. ഇതിലൂടെ കുട്ടികളുടെ വായനശീലം വർദ്ധിപ്പിക്കാനും സർഗാത്മകവാസനങ്ങളെ ഉണർത്തുവാനും കഴിയും. കുട്ടികളിലെ സർഗ്ഗാത്മക വാസനകളെ പരിപോഷിപ്പിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഏതാനം സൃഷ്ടികളാണ് ഈ മാഗസിനിലൂടെ പുറം ലോകം അറിയാൻ പോകുന്നത്. വിദ്യാർത്ഥികളിൽ സാഹിത്യപരമായ ചിന്തകളുണർത്താനും അത് മറ്റുള്ളവരിലേക്ക് പകരുവാനും അങ്ങനെ ഭാഷയെ അറിഞ്ഞ് വളരുവാൻ കഴിയുമെന്നും അതിലൂടെ പുതിയ സാഹിത്യ സൃഷ്ടികൾ പിറക്കുമെന്നും പ്രതീക്ഷിക്കാം.

**"കൈയ്യൊപ്പ്"** എന്ന പേരിലുള്ള ഈ ഡിജിറ്റൽ മാഗസിൻ അണിയിച്ചൊരുക്കിയ എല്ലാകൂട്ടുകർക്കും എല്ലാ അഭിനന്ദനങ്ങളും നേരുന്നു.

**എമിൻ ഡെയ്സൺ, IX D**
**ലീഡർ**

# ഇതളുകൾ വിരിയുമ്പോൾ...........


- ആമുഖം
- ലിറ്റിൽ കൈറ്റ്സ്
- അമ്മ പഠിപ്പിച്ചവ
- അവഗണിക്കപ്പെടുന്ന വാർദ്ധക്യം
- പ്രകൃതി അമ്മയെ മാനഭംഗപ്പെടുത്തരുത്
- തിളങ്ങും താരകങ്ങൾ
- ജീവിത വീഥി
- വിദ്യാലയം
- ശുചിത്വം
- സംഗീതത്തിന്റെ മഹത്ത്വം
- വഴി മാറിയാൽ
- കുട്ടന്റെ സമയനിഷ്ഠ
- കൗതുക ലോകം
- നല്ലതു ചെയ്താൽ നന്മ
- സ്വഭാവമാണ് സർവ്വസ്വം
- പൊന്നോണം വരവായി
- മഴ
- പുനർജന്മം
- അമ്മ
- ചെണ്ട
- എന്റെ സഖി
- നെഞ്ചു കാക്കുന്ന  രാസവസ്തു
- ഗ്രീൻ കൻസ്യൂമർ
- ശാസ്ത്രീയമായി പുഞ്ചരിക്കാൻ കഴിഞ്ഞാൽ
- ഹരിത ഫാക്ടറി
- ഉപ്പും കൊഴുപ്പും മതിയാക്കി
- ദിവ്യപ്രകാശമേ.....
- കാൻസർ
- സൗന്ദര്യം ലേസറിലൂടെ
- മികവുകളിലൂടെ ഒരു എത്തിനോട്ടം....
- നന്ദി.....

# ലിറ്റിൽ കൈറ്റ്സ്

*******************************************************************************

ഇൻഫോർമേഷൻ ടെക്നോളജിയുടെ സ്വാധീനം ഇപ്പോൾ ലോകത്തെവിടെയും അനുഭവപ്പെടുന്ന ഒന്നാണ്. കമ്പ്യൂട്ടറുകളുടെ സഹായം ഇല്ലാതെ ഇന്നത്തെ കാലത്ത് ജീവിക്കാൻ പ്രയാസമാണ്. കമ്പ്യൂട്ടർ എന്നത് ജീവിതത്തിൽ ഒഴിച്ചുക്കൂടാനാവാത്ത ഒന്നായി മാറിക്കഴിഞ്ഞു. വിവരസാങ്കതിക രംഗത്ത് കുട്ടികളുടെ കൂട്ടായിമയായി ലിറ്റൽ കൈറ്റ്സ് പ്രവർത്തനം ആരംഭിച്ചു.

സ്ക്കൂളുകളോടൊപ്പം കുട്ടികളേയും ഹൈ ടെക്ക് ആക്കുക എന്ന ചിന്തയോടെ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ഏർ പ്പെടുത്തിയിരിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. മറ്റു യൂണിറ്റുകളിൽ നിന്നും വത്യസ്ഥമായി കുട്ടികൾക്കായി ഐ ടി മേഖലയിൽ കൂടുതൽ അറിവ് പകർന്നു തരുന്നു. അതുകൊണ്ട് കുട്ടികൾ ഐ ടി മേഖലയിൽ കൂടുതൽ വിദഗ്തരായി തീരുന്നു.

ക്ലാസുകളിൽ പഠിപ്പിക്കുന്നതിൽ നിന്നും വ്യത്യസ്ഥമായി ആനിമേഷൻ, പ്രഗ്രാമിംങ്, ഡിജിറ്റൽ മാഗസിൻ എന്നിവ സ്വയം നിർമ്മിക്കുവാൻ  കുട്ടികൾക്കു കഴിയുന്നു. ഇത് പഠിപ്പിക്കുന്നതിനായി ആഴ്ച്ചയിൽ ഒരു ദിവസം ക്ലാസുകൾ സംഘടിപ്പിക്കുന്നു. ഇതിൽ തിളങ്ങുന്ന കുട്ടികൾക്ക് സബ്ബ് ജില്ല , ജില്ലാ ക്യാമ്പുകളിൽ പങ്കെടുത്ത് കൂടുതൽ അറിയുവാനുള്ള അവസരം ലിറ്റിൽ കൈറ്റ്സ് നൽകുന്നുണ്ട്. ഇത് അവരുടെ ഉപരിപഠനത്തിന് ഉപകാരപ്പെടുന്നു. ഈ സംരഭത്തിനു വേണ്ട പ്രോത്സാഹനം സർക്കാർ നൽകുന്നുണ്ട് . വളരെ കുറച്ച് മാസങ്ങൾ കൊണ്ട് കമ്പ്യൂട്ടറിന്റെ അടിസ്ഥാന ഘടകങ്ങൾ പഠിക്കുവാനും കമ്പ്യൂട്ടർ യുഗത്തിൽ വളരെ വേഗത്തിൽ മുന്നേറുവാനും ഇതിലൂടെ സാധിക്കുന്നു.

**സനമോൾ**
IX D

## [ഒരു മുഴുമിക്കാത്ത കവിത]

# അമ്മ പഠിപ്പിച്ചവ

****************************************************************************

ഓരോ മുള്ളിനപ്പുറവും
പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചെന്നെ
വളർത്തിയോളമ്മ....

ക്രൂരമ്പുകൾ വന്നെന്റെ
ചോരയിറ്റിക്കെ.... ഒരു
ചിരിപ്പൂ വിടർത്താൻ
കരുത്തു തന്നവൾ.....
കറുത്ത രാത്രികൾ
കാലു തെറ്റിക്കേ ഒരു
പൂനിലാവെട്ടമായ്
കാൽ നടത്തിയോൾ

സഹനകാലത്തി-
ന്നിടപ്പാതിയിൽ
മഴ നനയ്ക്കാതെൻ
താങ്ങായ് നിന്നവൾ



കൃഷ്ണ പ്രിയ വി. ആർ
IX A

# അവഗണിക്കപ്പെടുന്ന വാർദ്ധക്യം

*************************************************************************************



മാതാപിതാക്കന്മാരെ വൃദ്ധാമന്ദിരത്തിലും വഴിയോരങ്ങളിലും ഉപേക്ഷിക്കുന്ന മക്കളുടെ ഈ കലിയുഗത്തിൽ ദിനം പ്രതി കൂടിവരികയാണ്. ഉപയോഗം കഴിഞ്ഞ വസ്തുക്കൾ വലിച്ചെറിയുന്ന ലാഘവത്തോടെ മാതാപിതാക്കളെ തെരുവിലേക്ക് ഉപേക്ഷിക്കുകയും വൃദ്ധാസദനങ്ങളിലാക്കുകയും ചെയ്യുന്നു. മക്കൾക്കു വേണ്ടി ജീവിതം മാറ്റിവെച്ചവർ വാർദ്ധത്യമെത്തുമ്പോൾ അവഗണിക്കപ്പെടുന്ന സ്ഥിതിയാണ്. എന്താണിതിനു കാരണങ്ങൾ എന്ന് നാം ആലോചിക്കേണ്ടതാണ്. ഔദ്യോഗിക തിരക്കുകളും അണുകുടുംബ വ്യവസ്ഥയും എല്ലാം പലപ്പോഴും ഇതിനുള്ള കാരണങ്ങളാകുന്നു.

ഭൗതീക സാഹചര്യങ്ങൾ ഒരുക്കികൊടുത്തതുകൊണ്ട് തീരുന്നതല്ല വൃദ്ധരുടെ പ്രശ്നങ്ങൾ. വാർദ്ധക്യത്തിലെത്തുമ്പോഴാണ് അവർക്ക് മക്കളുടെ പരിഗണനയും പരിചരണവും സ്നേഹവും സാനിദ്ധ്യവും ആവശ്യം. ഇതു മനസ്സിലാക്കാതെ തിരക്കിട്ടു പായുന്നവർ ഒരിക്കൽ തങ്ങളേയും കാത്തിരിക്കുന്നത് ഇതേ അവസ്ഥയാണെന്ന് ഓർക്കണം. നമ്മുടെ കൈത്താങ്ങ് ജീവിതപാതയിൽ തളർന്നു വീഴുന്ന മാതാപിതാക്കൾക്ക് ആവശ്യമാണെന്ന് നാം ഓർക്കണം. അവർ കൊണ്ട വെയിലാണ് നമുക്കു തണലായി മാറിയതെന്ന് മറക്കരുത്. മാതാപിതാക്കളുടെ വാത്സല്യവും സ്നേഹവും അവരുടെ മഹ്വത്തവും നാം മനസ്സിലാക്കണം. ഇതിലെല്ലാറ്റിനുപരി അവരെ ആത്മാർത്ഥമായി സ്നേഹിക്കണം. മാതാപിതാക്കളെ ദൈവത്തെ പോലെ പൂജിച്ചിരുന്ന കാലം തിരികെ കൊണ്ടുവരണം. വാർദ്ധക്യത്തെ അവഗണിക്കുമ്പോൾ അടുത്ത തലമുറയ്ക്കു കൈമാറേണ്ട മൂല്യങ്ങളാണ് നാം നഷ്ടപ്പെടുന്നതെന്ന് തിരിച്ചറിയണം.

**വിഷ്ണുപ്രിയ വിനോദ്**
IX C

# പ്രകൃതി അമ്മയെ മാനഭംഗപ്പെടുത്തരുത്

*****************************************************************************



പ്രകൃതി അമ്മയാണ്. അമ്മയെ മാനഭംഗപ്പെടുത്തരുത്. പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശത്തിന് കാരണമാകും. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രധാന്യത്തെക്കുറിച്ച് ഓർമ്മിക്കാനുള്ള അവസരമായി ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1972 മുതലാണ് ലോക പരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങിയത്.

എല്ലാ മനുഷ്യർക്കും ശുദ്ധവായുവും ശുദ്ധജലവും ജൈവ വൈവിദ്ധ്യത്തിന്റെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള അവകാശം സ്വതന്ത്ര്യവുമുണ്ട് എന്ന സങ്കൽപ്പനമാണ് ലോക പരിസ്ഥിതി ദിനത്തിന്റെ കാതൽ. പ്രതീക്ഷ കൈവിടാതെ മലിനീകരണത്തിനെതിരായും വനനശീകരണത്തിനെതിരായും പ്രവൃത്തിക്കുകയാണ് പരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കാനുള്ള ഒരു മാർഗ്ഗം.ഭൂമിയിലെ ചൂടിന്റെ വർദ്ധന, കാലാവസ്ഥയിലുണ്ടാക്കുന്ന മാറ്റങ്ങൾ, ശുദ്ധജലക്ഷാമം തുടങ്ങി ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ നമ്മെ അലട്ടുന്നുണ്ട്.

**ആൽഫിൻ ജിജു**
IX D

# തിളങ്ങും താരകങ്ങൾ

*****************************************************************************

കവിയേയും ശാസ്ത്രിയേയും ഒരുപോലെ ആകർഷിക്കുന്നവയാണ് നക്ഷത്രങ്ങൾ. പ്രപഞ്ചത്തിന്റെ ഗതിയും മനുഷ്യന്റെ വിധിയും നക്ഷത്രങ്ങളിലൂടെയാണ് പലസംസ്കാരങ്ങളും വായിച്ചെടുക്കുന്നത്. അടയാളങ്ങളുടെ സമൃദ്ധിയാണ് കലാകാരൻ നക്ഷത്രങ്ങളിൽ ദർശിക്കുന്നത്.



ശാസ്ത്രലോകത്തിന് നക്ഷത്രങ്ങൾ എന്താണെന്ന് അറിയാമോ? താപവും പ്രകാശവും വിവിധ കിരണങ്ങളും നൽകുന്ന അഥവാ പുറപ്പെടുവിക്കുന്ന പ്രപഞ്ചത്തിലെ ഊർജ്ജയന്ത്രങ്ങളാണ് നക്ഷത്രങ്ങൾ. വാതകങ്ങളും പ്ലാസ്മയും ചേരുന്നതാണ് നക്ഷത്രങ്ങൾ കീഴ്ഗണങ്ങളാൽ നിർമ്മിതമായ ഉന്നത ഊഷ്മാവിൽ നിലക്കൊള്ളുന്ന പദാർത്ഥത്തിന്റെ ഒരു അവസ്ഥാന്തരമാണ് പ്ലാസ്മ. മനുഷ്യന്റെ നഗ്നനേത്രങ്ങൾകൊണ്ട് ഏകദേശം 3000 നക്ഷത്രങ്ങളെ ദർശിക്കാൻ സാധിക്കും. ഹൈഡ്രജൻ വാതകമാണ് നക്ഷത്രങ്ങളുടെ അടിസ്ഥാന ഘടകങ്ങളായി വർത്തിക്കുന്നത്. ആരംഭത്തിൽ മേഘലാഘട്ടങ്ങളിലായി ഹൈഡ്രജൻ കണങ്ങൾ പ്രപഞ്ചത്തിൽ ചുറ്റിനടക്കുന്നു. കാലക്രമത്തിൽ ഗുരുത്വാകർഷനത്തിന്റെ ഫലമായി അവ ഘനീർഭവിക്കുന്നു. മർദം വർദ്ധിക്കുന്നതിനനുസരിച്ച് താപെ വർദ്ധിക്കുകയും അണുസായോജനം ആരംഭിക്കുകയും ചെയ്യുന്നു. പ്രധാന നക്ഷത്രങ്ങൾ ഈ അവസ്ഥയിൽ കോടാനുകോടി വർഷങ്ങൾ നിലനിൽക്കുകയും ഊർജം പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഹീലിയത്തിന്റെ അളവ് കൂടുന്നതിനനുസരിച്ച് നക്ഷത്രങ്ങളുടെ പുറം തോട് വികസിക്കുന്നു. പുറംതോട് നഷ്ടപ്പെട്ട് വെള്ളകുള്ളന്മാരായി മാറുന്നതിന് മുമ്പുള്ള അവസ്ഥയാണിത്. അവസാനം അവ കറുത്ത കുള്ളന്മാരായി തീരുന്നു.

**അഭിജിത്ത് വി.ആർ**
IX B

# ജീവിത വീഥി

*****************************************************************************



തലേന്ന് രാത്രി പെയ്ത ഒരു വേനൽ മഴയുടെ നനവാർന്ന ഒരു വഴിത്താരയിലൂടെയാണ് ഞാൻ നടന്നു പോകുന്നത്. രാത്രിയുടെ ബാക്കി ആകാശത്ത് ചിതറിക്കിടക്കുന്നുണ്ടായിരുന്നു. കറുത്തമേഘങ്ങൾ ആകാശകോണുകളിൽ ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. അന്തരീക്ഷത്തിൽ വെയിൽ നാളം പറന്നിരുന്നെങ്കിലും കാർമേഘങ്ങൾ അവയെ എപ്പോൾ വേണമെങ്കിലും മറയ്ക്കുമെന്ന് തോന്നിച്ചു.

ജീവിതത്തിലേക്ക് വീണ്ടും നിറങ്ങളും മണങ്ങളും കടന്നുവരുകയാണല്ലോ എന്ന സന്തോഷമാണന്ന് മേരിയമ്മക്ക്. ഒരു ചരിത്രത്തിന്റെ അടുക്കും ചിട്ടയും ഇല്ലാത്ത ഓർമകളിലൂടെ മേരിയമ്മ കടന്നു പോയി. അമ്മേ കമ്മൽ വാങ്ങി തരുമോ? മകൾ അന്നായുടെ ചോദ്യം മേരിടമ്മ കേട്ടെങ്കിലും ആദ്യം ഒന്നു മടിച്ചു. കാരണം ആ മാസത്തേക്ക് കഴിയാനുള്ള കഷ്ടിതുകയെ മേരിയമ്മയുടെ കൈയ്യിലുള്ളൂ. പിന്നെങ്ങനെ മോളുടെ ആഗ്രഹം സാധിക്കും? മകൾ പ്രായമായി വരുന്നു. ഒരു തരിപ്പൊന്നില്ല, അവളുടെ വിവാഹം കഴിപ്പിച്ചു വിടാൻ. മകൻ ജോണി ജോലിയിൽ പ്രവേശിച്ചിട്ട് ഏതാനും ദിവസങ്ങൾ

ആയിട്ടുള്ളൂ. അന്നാമ്മയ്ക്ക് മൂന്നു വയസ്സുള്ളപ്പോഴാണ് അവളുടെ അച്ഛൻ വണ്ടിയപകടത്തിൽ മരിച്ചത്. പിന്നീട് കഷ്ടപ്പാടുകൾ നിറഞ്ഞ കാലമായിരുന്നു. അയൽ വീടുകളിൽ വീട്ടുപണികൾ ചെയ്താണ് മക്കളെ ഇതുവരെ എത്തിച്ചത്. രണ്ടു ചിട്ടികൾ കിട്ടാനുണ്ട്. അതു കിട്ടീട്ട് വേണം അന്നായുടെ കല്യാണം നടത്താൻ. പിന്നെ മകന്റെ കല്യാണം. അതിനു ശേഷം വേണം ഒന്നു വിശ്രമിക്കാൻ. ജോലി കിട്ടികഴിഞ്ഞ് ആറു മാസം കഴിഞ്ഞ് നാട്ടിൽ വന്ന മകന്റെ കൂടെ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. മകൻ ഇഷ്ടപ്പെട്ടു കെട്ടിയ പെണ്ണ്. മേരിയമ്മ അവരെ സന്തോഷത്തോടെ സ്വീകരിച്ചു. പിന്നീട് മകന്റെ സ്വഭാവത്തിൽ വന്ന മാറ്റം അമ്മ പലപ്പോഴും കണ്ടില്ലെന്നു നടിച്ചു. മകൾക്കു ആദ്യം വന്ന ആലോചന തന്നെ കൈയ്യിലുള്ളതെല്ലാം വിറ്റു പെറുക്കി നല്ല രീതിയിൽ നടത്തി. പേരക്കുട്ടിയുടെ കളിയിലും ചിരിയിലും മേരിയമ്മ തന്റെ ദുഖങ്ങൾ മറന്നു.

അങ്ങനെയിരിക്കെ കുളിക്കാനായി മേരിയമ്മ കുളിമുറിയിലേക്ക് കേറുന്ന വഴി കാലൊന്നിടറി വീണു. വീഴ്ചയിൽ നല്ല പരിക്കുണ്ടായിരുന്നു. കിടപ്പിലായി. എത്ര ശകാരിച്ചാലും മകൾ തന്നെ ഈ വൃദ്ധസദനത്തിൽ കൊണ്ടാക്കുമെന്ന് വിചാരിച്ചില്ല. സാരമില്ല മകൾക്കു സമയമില്ലാത്തതുക്കൊണ്ടല്ലേ. അവർ നെടുവീർപ്പിട്ടു. പണ്ട് ദാരിദ്രമുണ്ടായിരുന്നെങ്കിലും ഇപ്പോൾ മക്കൾ സുഖമായി ജീവിക്കുന്നുണ്ട്. അതുമതി എനിക്ക്, മേരിയമ്മയുടെ കണ്ണുകൾ നിറഞ്ഞു.

പേരക്കുട്ടിയുടെ വിവാഹമാണിന്ന്. ഇന്നെന്തായാലും ജോണി എന്നെ കൊണ്ടുപോകാൻ വരും. അവർ പ്രതീക്ഷയോടെ കാത്തിരുന്നു. പക്ഷെ ആരുമവിടേക്കെത്തിയില്ല. പുറത്ത് വെയിൽ മങ്ങുകയും വേനൽ മഴയുടെ പുതിയ മേഘങ്ങൾ ആകാശത്തു നിറയുകയും ചെയ്തു.

**ജെനിഫർ ജോൺ**
IX A

# വിദ്യാലയം

*******************************************************************************

ആദ്യമായെൻ
വിദ്യാലയങ്കണത്തിൽ
എൻ കൊച്ചു പാദങ്ങൾ
പതിച്ചപ്പോൾ
അറിഞ്ഞില്ല ഞാനെൻ ജീവിത
ലക്ഷ്യം
കുശവനൊരു മൺപാത്രം
മെനഞ്ഞെടുക്കുന്നതും
പോൽ, അധ്യാപികയാം
സരസ്വതീദേവിയെൻ
അകക്കണ്ണ് തുറക്കുന്നു



എൻ സരസ്വതീക്ഷേത്രത്തിൽ തീർത്ഥാടകരേ പോൽ,
വിദ്യാർത്ഥികൾ വന്നണഞ്ഞപ്പോൾ, എന്തിനോ
വേണ്ടി അറിയാതെ എൻ ചിത്തമൊന്ന് പിടഞ്ഞു
എൻ ജീവിതയാത്രയിൽ വഴിക്കാട്ടിയാണെൻ
സരസ്വതീക്ഷേത്രം!!

അറിവിൻ സാഗരമാണെൻ വിദ്യാലയം
തിരുകുടുംബത്തിൻ അനുഗ്രഹ
-വർഷത്താൽ ധന്യയാണെൻ വിദ്യാലയം

ആരെയും അറിയാതെ ജീവിച്ച നാളിൽ
അറിവിൻ മണിച്ചെപ്പ് തുറന്നു തന്നെൻ
സരസ്വതീക്ഷേത്രം
ഹാ! എത്ര മനോഹരമാണെൻ
സരസ്വതീക്ഷേത്രം

**ജോസ്മി ജോബി**
IX B

# ശുചിത്വം

*************************************************************************************

ശീലങ്ങൾ മാറുന്നു
രോഗങ്ങൾ കൂടുന്നു
മനുഷ്യരെല്ലാരു
നെട്ടോട്ടമോടുന്നു



പുത്തൻമരുന്നുകൾ
മാർക്കറ്റിലെത്തുന്നു
പുത്തനസുഖങ്ങൾ
താണ്ഡവമാടുന്നു



ഭൂമിയെമാറ്റിമറിച്ച മനുഷ്യൻ
കൊതുകിനെ പേടിച്ച്
നിലവിളിച്ചോടുന്നു

പരിസരം സൂക്ഷിക്കു
വ്യായാമം ശീലിക്കു
ശീലങ്ങൾ പാലിക്കു
രോഗങ്ങൾ മാറട്ടെ

**സാനിയ എം എ**
IX D

# സംഗീതത്തിന്റെ മഹത്ത്വം

*****************************************************************************



ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ശബ്ദങ്ങളുടെ സഹായത്തോടെ ആശയം സംവേദനം നടത്താൻ പഠിച്ച മനുഷ്യൻ, പ്രകൃതിയിലെ സംഗീതത്തെ കണ്ടെത്തി. പ്രപഞ്ചം മനുഷ്യന്റെ കാതിലോതിക്കൊടുത്ത സംഗീതം അവൻ ഹൃദയത്തിൽ സ്വീകരിച്ചു. മാനസീകോല്ലാസത്തിനും നിർവൃതിക്കുമായുള്ള ഒരുപാധിയായി അവൻ അതിനെ ദർശിച്ചു. മനുഷ്യന്റെ സകലവികാര വിചാരങ്ങളേയും പ്രകടിപ്പിക്കാൻ സംഗീതത്തിന് കഴിവുണ്ടെന്നവൻ മനസ്സിലാക്കി.

ക്രമവും, താളമുള്ളതും, കേൾക്കാൻ ഇമ്പമുള്ളതുമായ ശബ്ദശൃംഖലയെ സംഗീതം എന്നു പറയാം. സംഗീതം താളാത്മകമാണ്. അത് സ്വരങ്ങളുടെ സമ്മേളനമാണ്. സംഗീതം സൗഹൃദങ്ങളിൽ കുടികൊള്ളുന്നു. ശ്രുതിയും, താളവും, നാദവും, രാഗവും, സ്വരവും ചേർന്നതാണ് സംഗീതം.

ഭാരതീയ സംസ്കാരത്തിന്റെ മൂവായിരം വർഷങ്ങളോളം പഴക്കമുണ്ട്. ഭാരതസംഗീത പാരമ്പര്യം മുഖ്യമായും ശാസ്ത്രീയമാണ്. ഭാരതത്തിനാദ്യം ഒരൊറ്റ സംഗീത പാരമ്പര്യമേ

ഉണ്ടായിരുന്നുള്ളുവെങ്കിലും വടക്കൻ ഇന്ത്യയിലെ സംഗീത സരണി സ്വതന്ത്രമായി നിന്ന് അഭിവൃതിപ്പെട്ടു.



അങ്ങനെ ഭാരതസംഗീതം രണ്ടു ശാഖകളായി തിരിഞ്ഞു. ഹിന്ദുസ്ഥാനി സംഗീതവും, കാർണാട സംഗീതവും. വടക്കെ ഇന്ത്യയിലെ ഹിന്ദുസ്ഥാനിയിൽ ശൃഗാരരസത്തിനാണ് കൂടുതൽ പ്രധാന്യം. എന്നാൽ കർണാടക സംഗീതത്തിൽ പ്രധാന്യം ഭക്തിക്കാണ്. ഇവ തമ്മിൽ രണ്ടു വ്യത്യാസങ്ങളെല്ലമുണ്ടെങ്കിലും രണ്ടിലും സ,രി,ഗ,മ,പ,ധ,നി എന്നീ സപ്ത സ്വരങ്ങളാണുള്ളത്. മനുഷ്യന് ഏഴ് ജീവിതഘടകങ്ങളുള്ള പോലെ, സ്വപ്നങ്ങൾക്കും, മഴവില്ലിനും ഏഴ് സ്വരങ്ങൾ.

**രാഹുൽ ആർ**
IX E

# വഴി മാറിയാൽ

**************************************************************************



തീവണ്ടിയും ബസ്സും കൂട്ടുകാരായിരുന്നു. ഒരു ദിവസം തീവണ്ടി ബസ്സിനോട് പറഞ്ഞു,എന്റെ ചങ്ങാതി എനിക്ക് ഈ പാളത്തിൽ ഓടിയോടി മടുത്തു.അപ്പോൾ ബസ്സ് പറഞ്ഞു എനിക്കും ഈ റോഡിൽ ഓടി മടുത്തു. പാളത്തിൽ കയറി ഗമയിൽ ഓടാൻ എനിക്കും ആശയുണ്ട്.

എങ്കിൽ ഒരു കാര്യം ചെയ്യാം നീ പാളത്തിൽ ഓടിക്കോ  ഞാൻ റോഡിലും ഓടാം എന്താ? തീവണ്ടി ചോദിച്ചു.തീവണ്ടി വേഗം റോഡിലിറങ്ങി.ബസ്സ് പാളത്തിൽ കേറി. എന്നാൽ വളവും തിരിവുമുള്ള റോഡിലൂടെ നീളൻ തീവണ്ടിക്കോടാൻ പറ്റുമോ?ഓടാൻ നോക്കിയപ്പോഴോ മരത്തിലും മതിലിലുമൊക്കെ ഇടിച്ചിടിച്ച് തീവണ്ടിയുടെ ദേഹം മുഴുവൻ മുറിഞ്ഞു.

ബസ്സിന്റെ കഥയോ? പാളത്തിലൂടെ ഒരടിപോലും മുന്നോട്ടുനീങ്ങാൻ ബസ്സിനു കഴിഞ്ഞില്ല. ഒന്നനങ്ങുമ്പോഴേക്കും ചക്രം മിനുസമുള്ള പാളത്തിൽ നിന്നും വഴുതും. ഒടുവിൽ ബസ്സ് വഴുതി മറഞ്ഞുവീണു! എനിക്ക് പഴയറോഡുതന്നെ മതി ബസ്സ് പറഞ്ഞു. എനിക്ക് പാളവും തീവണ്ടി പറഞ്ഞു. അങ്ങനെ രണ്ടുപേരും അവരവർക്കു നിശ്ചയിച്ച വഴിയിലൂടെതന്നെ ഓടി.

# കുട്ടന്റെ സമയനിഷ്ഠ

*****************************************************************************



ഒരു പട്ടണത്തിൽ കുട്ടൻ എന്നൊരു കുട്ടിയുണ്ടായിരുന്നു.അവൻ എന്നും വൈകിയാണ് ഉണരുക.കുളിക്കാനും ഉണ്ണാനും സ്ക്കൂളിൽ  പോകാനും അവൻ എന്നും വൈകും.സ്ക്കൂളിൽ വൈകി എത്തുന്നതിന് അധ്യാപകർ അവനെ വഴക്കു പറയുക പതിവായി. അമ്മയും അച്ഛനും ശകാരിച്ചിട്ടും കുട്ടന്റെ ദുശ്ശീലം മാറിയില്ല.

അങ്ങനെയിരിക്കെ സ്ക്കൂളിൽനിന്ന് മൈസൂർക്ക് ഒരു വിനോദയാത്രയ്ക്ക് പരിപാടിയിട്ടു.അതിന് കുട്ടനും പേര് കൊടുത്തു.കുട്ടാ നേരത്തെ വരണം.കേട്ടോ ഇല്ലെങ്കിൽ നിന്നെ കൂടാതെ ഞങ്ങൾ ടൂർ പോകും.ഒരു അധ്യാപക കുട്ടനോട് പറഞ്ഞു.

പക്ഷേ കുട്ടന്റെ പതിവുപോലെ അവൻ വൈകിയാണ് ഉണർന്നത്. കുളിയും ഊണും കഴിഞ്ഞപ്പോൾ മണി  8 ആയി. 8 മണിക്ക് കുട്ടികളെല്ലാം സ്ക്കൂളിൽ എത്തണമെന്നായിരുന്നു പറഞ്ഞിരുന്നത്.

കുട്ടൻ എട്ടേമുക്കാൽ മണിക്ക് സ്ക്കൂളിലെത്തി.പക്ഷെ സ്ക്കൂളിൽ ആരും ഉണ്ടായിരുന്നില്ല.എല്ലാവരും സ്പെഷ്യൽ ബസ്സിൽ കയറി മൈസൂർക്ക് തിരിച്ചുകഴിഞ്ഞിരുന്നു.നേരം വൈകിയതിന്റെ നഷ്ടം കുട്ടന് അപ്പോൾ മനസ്സിലായി.അവൻ കരഞ്ഞുകൊണ്ട് വീട്ടിൽ മടങ്ങിയെത്തി.

നേരത്തെ എഴുന്നേൽക്കാത്തതുകൊണ്ടാണ് കുട്ടന് ടൂർ നഷ്ടമായതെന്ന് അമ്മ അവനോട് പറഞ്ഞു. അന്ന് മുതൽ നേരത്തെ എഴുന്നേൽക്കാൻ കുട്ടൻ തീരുമാനമെടുത്തു. കൃത്യം അഞ്ചരമണിക്ക് പിറ്റേന്ന് കുട്ടൻ എഴുന്നേറ്റു. അത് അവൻ ശീലമാക്കി. ഇന്ന് കുട്ടൻ വളരെ കൃത്യനിഷ്ഠയുള്ള കുട്ടിയാണ്.

# കൗതുകലോകം

**************************************************************************



1. ഈ ലോകത്തിൽ ഏറ്റവും പൊക്കമുള്ളയാൾ സീഷുൻ എന്ന് ചൈനക്കാരനാണ്. 2 മീറ്റർ 36 സെന്റീമീറ്ററാണ് ഇദ്ദേഹത്തിന്റെ പൊക്കം.ബാസ്കറ്റ് ബോൾ ആണ് ഇദ്ദേഹത്തിന്റെ ഇഷ്ടവിനോദം.

2. നൈൽ നദിയുടെ തീരത്താണ് ലോകാത്ഭുതങ്ങളായ പിരമിഡുകൾ സ്ഥിതി ചെയ്യുന്നത്. അയ്യായിരം കൊല്ലം മുമ്പാണ് ആദ്യത്തെ പിരമിഡ് ഉണ്ടായത്. ഏറ്റവും വലിയ പിരമിഡ് ഗിസയിലെ പിരമിഡാണ്. ഖുഫു രാജാവിന്റെ ശവകുടീരമാണിത്.

3. ഇന്ത്യയിൽ നിർമ്മിച്ച ആദ്യത്തെ നിശബ്ദ സിനിമയാണ് രാജാ ഹരിശ്ചന്ദ്ര. 1913 ലായിരുന്നു ചിത്രം പുറത്തിറങ്ങിയത്.

4. ഏറ്റവും ഉയരത്തിൽ വളരുന്ന മുൾച്ചെടി കാർഡൻ കാക്റ്റസാണ്. മെക്സിക്കോയിലെ സൊനോറാൻ മരുപ്രദേശത്തു കാണപ്പെടുന്ന ഈ ചെടിക്ക് ഏകദേശം പത്താളുടെ ഉയരമുണ്ടാകും. pachycereus pringle എന്നതാണ് ഇതിന്റെ ശാസ്ത്രനാമം.

5. മ്യാൻമറിന്റെ തലസ്ഥാനമായ യംഗൂണിലെ ശ്വേതഗോൺ പഗോഡ ലോകപ്രസിദ്ധമായ ബുദ്ധക്ഷേത്രമാണ്. 2000 വർഷത്തിനപ്പുറം പഴക്കം ഈ ക്ഷേത്രത്തിനുണ്ടാകുമെന്നാണ് കരുതപ്പെടുന്നത്. വെള്ളപ്പൊക്കവും ഭൂമികുലുക്കവും മറ്റും പലതവണ ഉലച്ചുവെങ്കിലും ഈ പഗോഡ ഇന്നും ലോകാത്ഭുതങ്ങളിൽ ഒന്നാണ്.

# നല്ലതു ചെയ്താൽ നന്മ

*****************************************************************************



ഒരു വീട്ടിൽ ഒരു പട്ടിക്കുട്ടനും ഒരു അണ്ണാറക്കണ്ണനും ഉണ്ടായിരുന്നു. അണ്ണാറക്കണ്ണൻ പാവമായിരുന്നു. എന്നാൽ പട്ടിക്കുട്ടൻ വികൃതിയും കൊതിയനുമായിരുന്നു. ഒരിക്കൽ പട്ടിക്കുട്ടന് ഒരു മാമ്പഴം കിട്ടി. അത് അവൻ അണ്ണാറക്കണ്ണൻ കാണാതെ മണ്ണിൽ കുഴിച്ചിട്ടു.

അണ്ണാറക്കണ്ണൻ പോയിട്ടു തിന്നാം പട്ടിക്കുട്ടൻ വിചാരിച്ചു. അല്പസമയം കഴിഞ്ഞപ്പോഴേക്കും പട്ടിക്കുട്ടൻ മാമ്പഴത്തിന്റെ കാര്യം മറന്നു പോയി.അന്ന് അണ്ണാറക്കണ്ണൻ ഒരു പഴം കിട്ടി. അവൻ അതുമായി പട്ടിക്കുട്ടന്റെ അടുത്തെത്തി പറഞ്ഞു പട്ടിക്കുട്ടാ ഇത് നമുക്ക് പങ്കിട്ടു കഴിക്കാം. പക്ഷെ അത് പട്ടിക്കുട്ടൻ സമ്മതിച്ചില്ല. അവനത് തട്ടിപ്പറിച്ച് മുഴുവനും തിന്നു.

അണ്ണാറക്കണ്ണന് നന്നായി വിശന്നു. ദൈവമേ ഇന്ന് എനിക്ക് എന്തെങ്കിലും തിന്നാൻ കിട്ടിയിരുന്നെങ്കിൽ എന്ന് പാവം അണ്ണാറക്കണ്ണൻ വിചാരിച്ചു. അപ്പോഴാണ് പട്ടിക്കുട്ടൻ കുഴിച്ചിട്ട മാമ്പഴം വളർന്ന് ഒരു വലിയ മാവായി അതിൽ നിറയെ മാമ്പഴം ഉണ്ടായത്.

അണ്ണാറക്കണ്ണൻ പറഞ്ഞു : ദൈവം എന്റം പ്രാർത്ഥന കേട്ടു. എന്നിട്ട് സന്തോഷത്തോടെ ഓടിച്ചെന്ന് മാവിൽ കയറി, മാമ്പവം പറച്ചുതിന്നു. ഇതുകണ്ട് പട്ടിക്കുട്ടൻ നാണിച്ചു കൊടിയോടെ നോക്കിനിന്നു.

# സ്വഭാവമാണ് സർവ്വസ്വം

*******************************************************************************



ധനം നഷ്ടപ്പെട്ടാൽ യാതൊന്നും നഷ്ടപ്പെടാനില്ല, ആരോഗ്യം നഷ്ടപ്പെട്ടാൽ എന്തോ നഷ്ടപ്പെട്ടതായി തോന്നും, സ്വഭാവം നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെടാം എന്നു പറയാറുണ്ട്. ഇത് സ്വഭാവത്തിന്റെ മൂല്യം തെളിയിക്കുന്നു. ജീവിതത്തിന്റെ എല്ലാ വശങ്ങളിലും സ്വഭാവമാണ് പ്രധാനമായും കണക്കിലെടുക്കേണ്ടത്. ദുസ്വഭാവിയായ ഒരുവനെ എല്ലാവരും തിരസ്കരിക്കുന്നു. ബർട്രന്റ് റസ്സൽ പറഞ്ഞിരിക്കുന്നതുപോലെ സ്വഭാവരൂപീകരണമായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതായത് എൻജിനീയർമാരെയോ ഡോക്ടർമാരെയോ സൃഷ്ടിക്കും എന്നതിനേക്കാൾ സ്വഭാവശുദ്ധിയുള്ളവരെ വാർത്തെടുക്കുകയായിരിക്കണം, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. യഥാർത്ഥത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ആവശ്യം. എങ്കിൽ മാത്രമെ രാജ്യം പുരോഗതിയിലേക്ക് നയിക്കപ്പെടുകയുള്ളു.

# പൊന്നോണം വരവായി

****************************************************************************



ഓണം എന്നു കേൾക്കുമ്പോൾ കേരളീയരുടെ മനസ്സിൽ ഒന്നാകെ ഒരുത്സവ പ്രതീതിയാണ്. പുത്തനരി ചോറും പുത്തനുടുപ്പും പൂക്കളും പൂക്കളവും പൂവിളിയും ഊഞ്ഞാലുകളും എല്ലാമുണ്ടായിരുന്നു അന്ന്.

എന്നാലിന്ന് ഓണത്തിന്റെ ആ രുചി എത്രയോ മാറിപ്പോയിരിക്കുന്നു. കള്ളവും ചതിയും വഞ്ചനയുമില്ലാത്ത,നല്ലതുമാത്രം പറയുകയും പ്രവൃത്തിക്കുകയും ചെയ്യുന്ന ഒരു സമൂഹം.

ഐതിഹ്യം ഇപ്രകാരം പറയുന്നു,വിഷ്ണു ഭഗവാൻ വാമനരാജവിന്റെ അടുത്തുവന്നു പറയുന്നു, മൂന്നടി ഭൂമി വേണം. ഭഗവാന്റെ ഇഷ്ടത്തിന് സമ്മതം മൂളി വാമനൻ! ഭഗവാന്റെ ഒരടിയിൽ ഭൂമിയും രണ്ടാമത്തെ അടിയിൽ ആകാശവും അളക്കപ്പെട്ടു!മൂന്നാമത്തെ അടിക്ക് ഇടം കാണായ്കയാൽ വാമനൻ തന്റെ  തല ചായ്ച്ചുകൊടുത്തു.

ഭഗവാൻ ശിരസ്സിൽ കാൽവെച്ച നിമിഷം ഭഗവാൻ പാതാളത്തിലോക്ക് താണുപോയി!



ഇവിടെ സ്വയം ശൂന്യമാക്കി ഒരു ബലിയായി മാറുകയാണ് വാമനൻ. അതാണല്ലോ മഹാബലി.

എല്ലാ ഉപോക്ഷിക്കലിന്റെയും സമർപ്പണത്തിന്റെയും മനോഭാവം. സ്വന്തം ജനത്തെ രക്ഷിക്കാൻ ബലിയായ് തീർന്നതിന്റെ അനുസ്മരണം. ഇതൊരു പുരാണമോ, കെട്ടുകഥയോ ഐതിഹ്യമോ സങ്കൽപ്പമോ ഒക്കെയാവാം. അല്ലെങ്കിൽ ഒരു സംസ്കാരമാകാം.

മാവേലിമന്നൻ നാട്ടു ഭരിച്ചിരുന്ന കാലം എല്ലാവരെയും ഒന്നായിക്കണ്ട്, പങ്കുവച്ച്കൊടുത്ത് സ്വയം ദാനം ചെയ്ത ഒരു ഭരണകാലം. നല്ല സൗഹൃദത്തിനെ പങ്കുവയ്ക്കാനാവൂ.

# മഴ

*******************************************************************************

അങ്ങകലെ എന്നെ തേടിയെത്തുന്നീ മഴ
പ്രകൃതിയുടെ സംഗീതമായി വരുന്നീ മഴ
പ്രകൃതി തൻ ചേലയുടുത്ത് കുളിർ നൽകിവരുന്ന മഴ
പ്രകൃതി തൻ ആഭരണമായി നിൽക്കുന്നീ മഴ
അകതിണ്ണയിൽ തത്തികളിക്കുമീ മഴത്തുള്ളി
കണ്ടപ്പോൾ ഞാൻ അറിയാതെ ഓർത്തുപോയ്



ജീവിതസ്വപ്നങ്ങൾ വീണുടയും പോൽ
നിശ്ചലമായ് നിൽക്കുന്നു ഞാനവിടെ
മാതൃസ്നേഹം നൽകുന്നീ തേന്മഴ
അമ്മിഞ്ഞപ്പാൽ സ്നേഹം നൽകതുമീ മഴ
കാലത്തിൻ യൗവനമീ മഴ
കാലത്തിൻ വസന്തമീ മഴ

പൂക്കൾ തൻ സ്നേഹമീയമൃഗം
മനുഷ്യരാശിതൻ നന്മയി കുളിർ മഴ
വൃക്ഷങ്ങൾതൻ കൂട്ടുകാരനീ മഴ
ലോകത്തിൻ താങ്ങായി നിൽക്കുന്നീ മഴ

അമ്മതൻ വാത്സല്യം നൽകുന്നീ മഴ
മാറോട് ചേർത്ത്  താരാട്ടുപാടുന്നീ മഴ
വൃക്ഷങ്ങൽ തൻ കൂട്ടുകാരനീ മഴ
ലോകത്തിൻ താങ്ങായി നിൽക്കുന്നീ മഴ

ഇടയ്ക്ക് ഭ്രാന്തിയെപോൽ ഗർജ്ജിക്കുന്നുണ്ടെങ്കിൽ പ്പോലും
സ്നേഹത്തിൻ കണമീ മഴ
ഇടയ്ക്ക് ഐശ്വര്യശോഭയായി ആകാശത്ത് മിന്നുമീ മഴ
പെട്ടെന്ന് എന്നെ തനിച്ചാക്കി മറഞ്ഞുപോയൊരെൻ മഴ
ഐശ്വര്യ ശോഭ നിറഞ്ഞു ആകാശത്ത്
എങ്ങോപ്പോയ് മറഞ്ഞ അമ്മയെ ഓർത്ത് ഞാൻ വിലപിക്കുന്നു

# പുനർജന്മം

**********************************************************************



വസന്തകാലം എല്ലാ പൂമുട്ടുകളുടെയും ഉത്സവകാലമാണ്. ഈ വസന്തകാലത്തിൽ വന്നുചേരുന്ന ഓരോ വേദനയറ്റ അനുഭവം ഓർമ്മകളിൽ മായാതെ നിൽക്കും അങ്ങനെ ഒരു അനുഭവം ഇന്ന് ഞാൻ നിങ്ങളുമായി പങ്കിടുന്നു.

അന്ന് ഞാൻ നന്നേ ചെറുതായിരുന്നു. അമ്മൂമയുടെ വീട്ടിൽ ഒരു ആഘോഷവേളയിൽ എല്ലാവരും ഒത്ത് ചേർന്ന് പങ്കിടുത്തു. ഞാനും വളരെ അധികം ആ ദിവസം ആഘോഷിച്ചു. എന്നാൽ അവിടെ ഓർ ത്തിരുന്ന ആപത്തിന്റെ മറ ഞാൻ അറിഞ്ഞിരുന്നില്ല.

കുറച്ച് നിമിഷങ്ങൾ ഞാൻ ആഘോഷവേളയിൽ പങ്കിടുത്തു. അതിനുശേഷം ഭക്ഷണത്തിനായി ഞാൻ അടുക്കളയിൽ പോയി. ഏതോ പാപത്തിന്റെ ഫലമായി ഞാൻ അന്ന് ആ വേദനയേറിയതു കയിപ്പേറിയതുമായ ശിക്ഷ അനുഭവിച്ചു.

അടുപ്പത്ത് തിളച്ചിരുന്ന വെള്ളം ആരുടേയോ ആശ്രദ്ധാമൂലം എന്റെ ദേഹത്തെ അത് വലിഞ്ഞ് മുറുകെ കെട്ടി. അന്ന് വേദനയാകുന്ന പൂന്തോട്ടത്തിലെ കയിപ്പേറിയ ആ സുഖം ഞാൻ  അനുഭവിച്ചു. കോലാഹല ശബ്ദം ഉയർത്തുന്ന പോലുള്ള സ്വരം. ആളുകൾ പരിഭ്രാന്തരായി അങ്ങോട്ടും ഇങ്ങോട്ടും അലയുന്നു. അത് മാത്രം എന്റെ ഓർമ്മയിൽ.

പിന്നെ ഞാൻ  കണ്ണ് തുറന്ന് നോക്കുമ്പോൾ കണ്ണുനീർ വറ്റിയ കണ്ണുകളോടെ ഭീതിയുടെ നിഴലുകൾ ഉള്ളിൽ പതിയിരുത്തി, എന്നെ കണ്ണുചിമ്മാതെ നോക്കുന്ന അമ്മയെയായിരുന്നു. എന്റെ കണ്ണ് തുറന്ന്  കണ്ടതും മാതാപിതാക്കളും ബന്ധുക്കളും സന്തോഷത്തിന്റെ കണ്ണുനീരുകളാൽ വിതുമ്പുകയായിരുന്നു.

അത് എന്റെ പുനർജന്മമായിരുന്നു എന്ന് എനിക്കപ്പോൾ മനസിലായി.

# അമ്മ

****************************************************************************



ദിവ്യമാം ദർശനം, പുണ്യമാം ദർശനം,
ആരും കൊതിക്കുമീ ദർശനം
സ്നേഹമാം ദർശനം, ധന്യമാം ദർശനം
എന്നമതൻ ആനന്ദമാം ദർശനം

ആ ദർശനം കാണുവാനായി ഞാൻ
മിഴികളടക്കാതിരിക്കുമല്ലോ
ഐശ്വര്യദായകാ ആദിപരാശക്തി
ആനന്ദരൂപിണിയാം എന്നമ്മ

വചനത്താൽ ശാന്തിയും വദനത്താൽ പിഞ്ചിരിയും
കുളിർ കോലും ദർശനവും ഏകിടുമമ്മേ
അമ്മതൻ വചനങ്ങൾ എനിക്കിന്ന് നിധിയല്ലേ
അവിടുത്തെ ദർശനം അസുലഭ ഭാഗ്യമല്ലേ

ഉറ്റവരേയും ഉടയവരേയുമെല്ലാം
സ്നേഹിച്ചീടുന്ന ഉയിരാകുമമ്മ
സരസ്വതി ദേവിയായി ലീല ചെയ്യുന്നമ്മേ,
ശരണം.. ശരണം.. ദിവ്യപ്രകാശമേ..

# ചെണ്ട

*******************************************************************************





എന്റെ തലയ്ക്കിട്ട് മാത്രെ കൊട്ടുന്നു
മാരാര് സുഖമായി ചോറുതിന്നുന്നു
അയ്യോ ! എന്തൊരുഗതികേട്
അയ്യോ ! എന്തൊരുഗതികേട്

തോല് മുറുക്കി കാലിട്ട് കൊട്ടുന്നു
മാരാരുടെ സഞ്ചിയിൽ
കാശൊക്കെ വീഴുന്നു
അയ്യോ ! എന്തൊരു ഗതികേട്
അയ്യോ ! എന്തൊരു ഗതികേട്

ഒന്നല്ലേ, ഞാനല്ലേ
മാരാരുടെ ജീവൻ,
അല്പവും നന്ദി എന്നോട് വേണ്ടേ,
അയ്യോ ! എന്തൊരു ഗതികേട്
അയ്യോ ! എന്തൊരു ഗതികേട്

# എന്റെ സഖി

*******************************************************************************



പുഷ്പമേ എത്ര ഭംഗി നിന്റെ വദനം
അന്നുനീയൊരു കുഞ്ഞുപൈതലായ്
എന്റെ മുറ്റത്തുപെറ്റു വീണുയെട്ടു-
അതു ഞാൻ തഴുകി നിന്നെ
കിടത്തി നിന്നെ പ്ട്ടുവനസ്ഥത്തിൽ
വളർന്നു നീയൊരു കുറ്റിപ്പൂവായി.
ഭംഗിയുള്ളൊരു കാട്ടുമുല്ലയായി സ്നേ-
ഹിച്ചു നിന്നെ ഞാൻ സഖിപോലെ
തന്നു നീയെനിക്ക് വയർ നിറച്ചമൃത-
യൊരിക്കൽ വന്നാദിനം കൊഴിഞ്ഞു!
നിന്നിതളുകളാവുന്നകരങ്ങൾ മര-
വിച്ചുയെൻമനം കരിഞ്ഞുമിഴികൾ
തേടിതേടിയലഞ്ഞുയെൻ മിഴികൾ
നിന്നെ മാത്രമായി വീണ്ടും വീണ്ടും.

# നെഞ്ച് കാക്കുന്ന രാസവസ്തു

**********************************************************************







വളരെ വേഗത്തിൽ സഞ്ചരിക്കുന്ന ഒരു കാർ ഇടിച്ചാൽ മുൻസീറ്റിൽ ഇരിക്കുന്നവർക്ക് മാരകമായ പരിക്ക് പറ്റാം, പ്രത്യേകിച്ചും ഡ്രൈവർമാർക്ക്. ഇടിയുടെ അഘാതത്താൽ കാറിന്റെ മുൻ ഭാഗം പിന്നോട്ട് തള്ളി ഡ്രൈവറുടെ നെഞ്ച് തകർക്കാൻ സ്റ്റിയറിംഗിന് കഴിയും. ഈ അപകടത്തിൽ നിന്നും രക്ഷനേടാൻ ഒരു വാതകസഞ്ചി രൂപകല്പന ചെയ്ത് ഉപയോഗിച്ചുവരുന്നുണ്ട്.

സോഡിയം അസൈഡ് എന്ന രാസവസ്തുവാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. ഇടിയുടെ അഘാതം കൊണ്ട് ചെറിയ പൊട്ടിത്തെറി സൃഷ്ടിക്കാവുന്ന സംവിധാനവും ഈ സഞ്ചിക്കകത്ത് ഒരുക്കിയിരിക്കും. ഈ പൊട്ടിത്തെറി സോഡിയം അസൈഡിനെ വിഘടിപ്പിക്കുകയും ധാരാളം നൈട്രജൻ വാതകം ഉൽപാദിപ്പിക്കുകയും ചെയ്യും. ഈ വാതകം സ്റ്റിയറിംഗിന്റെ അടിവശത്ത് സ്ഥാപിച്ചിട്ടുള്ള സഞ്ചിയിൽ പെട്ടെന്ന് നിറഞ്ഞ് ഒരു തലയിണപോലെ ഡ്രൈവറുടെ നെഞ്ച് സംരക്ഷിക്കുന്നു. വെറും നൂറ് ഗ്രാം സോഡിയം അസൈഡിന് 55 ലിറ്ററോളം നൈട്രജൻ വാതകത്തെ ഉൽപാദിപ്പിക്കാൻ കഴിയും. സോഡിയം അസൈഡ് $2NaN_3 - 2Na + 3N_2$.

# ഗ്രീൻ കൺസ്യൂമർ

*******************************************************************************









പലതരത്തിലുള്ള സാധനങ്ങൾ നാമെല്ലാവരും വാങ്ങാറുണ്ട്. നിത്യ ഉപയോഗസാധനങ്ങളായ എണ്ണ, സോപ്പ്, പൗഡർ, ബിസ്കറ്റ്......... എന്നിങ്ങനെ ആ ലിസ്റ്റ നീളും. അടുത്ത തവണയെങ്കിലും വീട്ടിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങിയതിനുശേഷം അവയിലേക്ക് സശ്രദ്ധം ഒന്നു കണ്ണോടിക്കണം. നിങ്ങൾക്ക് നേരിട്ട് പ്രയോജനപ്പെടാത്ത എത്രയെണ്ണം സാധനങ്ങൾ അതിലുണ്ടെന്ന് കണ്ടുപിടിക്കു. ഏറ്റവും കൂടുതൽ സാധനങ്ങൾ വാങ്ങുമ്പോൾ അത്രയും അധികം പ്ലാസ്റ്റിക് കവറുകളും പെരുകുന്നില്ലേ എന്നോർക്കണം. പ്രകൃതിക്ക് അനുയോജ്യമായവിധം നമ്മുടെ ഉപഭോഗശൈലിയിൽ മാറ്റങ്ങൾ വരുത്തി, ഒരു ഗ്രീൻ കൺ സ്യൂമർ ആയിത്തീരാൻ തയ്യാറാകാം.

# ശാസ്ത്രീയമായി പുഞ്ചിരിക്കാൻ കഴിഞ്ഞാൽ

*****************************************************************************



ചിരി ഏറ്റവും നല്ല ഔഷധമാണ്. എന്നാൽ എല്ലാ ചിരിയും ചിരിയല്ല. മനസ്സു തുറന്ന് ഹൃദയമറിഞ്ഞ് ചിരിക്കണം. ചിരിയുടെ ശാസ്ത്രം പഠിപ്പിക്കുന്ന ഒരു സ്ഥാപനമാണ് കാനഡയിലെ ഹാപ്പിനെസ് ഇൻസ്റ്റിട്യൂട്ട്. ശാസ്ത്രീയമായി വേണം ചിരിക്കാൻ എന്ന് അതിന്റെ മേധാവിതി മോത്തി ഷാർപ്പ് ഉപദേശിക്കുന്നു.സൗഭാഗ്യം എന്നത് മസ്തിഷ്കത്തിന്റെ പ്രകടമായ ഒരു അവസ്ഥയാണ്. പരാതികളൊന്നുമില്ലാതെ, പിരിമുറുക്കങ്ങളെല്ലാം അയച്ചുകളയുന്നവരുടെ മസ്തിഷ്കം എം.ആർ.ഐ സ്കാനിംഗിനു വിധേയമാക്കിയാൽ തലച്ചോറിന്റെയും വ്യക്തിയുടെയും പ്രകടനത്തിൽ ദൃശ്യമാകുന്ന മാറ്റങ്ങൾ സ്കാനിംഗിൽ വ്യക്തമായി കാണാം. തലച്ചോറിൽ സൗഭാഗ്യത്തിന്റെ ഇരിപ്പിടം 'പ്രീഫ്രണ്ടൽ ലോബ്' ആണ്. പ്രമേഹം, ഹൃദ്രോഗം, ജലദോഷം പോലുള്ള രോഗങ്ങൾ ഉണ്ടാവാൻ സാധ്യത കുറവായിരിക്കും. ചിരി ഒരു നല്ല വ്യായാമമാണ്. അതുകൊണ്ട് നമുക്ക് ഇന്നുമുതൽ ശാസ്ത്രീയമായി ചിരിക്കാം.




# ഹരിതഫാക്ടറി

**********************************************************************************



സസ്യങ്ങളിലെ പച്ചപ്പിന് കാരണക്കാരൻ ഹരിതകം എന്ന തന്മാത്രയാണ്. രണ്ട് ഗ്രീക്ക് വാക്കുകളിൽ നിന്നാണ് Chlorophyll എന്ന വാക്കുണ്ടായത്. ഭൂമിയിൽ ഭക്ഷണം ഉല്പാദിപ്പിക്കുന്ന ഏക ഫാക്ടറിയാണ് ഹരിതകം. മനുഷ്യന്റെയും മൃഗങ്ങളുടേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഊർജ്ജതന്മാത്രകളായ കാർബോ ഹൈഡ്രേറ്റുകൾ ഉണ്ടാക്കുകയാണ് ഹരിതകം ചെയ്യുന്നത്. ജലവും കാർബൺഡയോക്സൈഡും ഹരിതകത്തിന്റെ സാന്നിധ്യത്തിൽ സൂര്യപ്രകാശം വലിച്ചെടുത്ത് കാർബോഹൈഡ്രേറ്റുകൾ ഉൽ പ്പാദിപ്പിക്കുന്നു.




## ഹരിതകത്തിന്റെ ഘടന

പ്രകാശം സ്വീകരിക്കുന്ന തന്മാത്ര കുടുംബത്തിലെ ഒരു സുപ്രധാന തന്മാത്രയാണ് ഹരിതകം. ഒരു മഗ്നീഷ്യം ആറ്റത്തിനു ചുറ്റുമായി കാർബണിന്റേയും ഹൈഡ്രജന്റേയും ആറ്റങ്ങൾ ഘടിപ്പിക്കുമ്പോൾ ഒരു ഹരിതക തന്മാത്രയുടെ ഘടന കിട്ടും. സസ്യങ്ങളിൽ രണ്ടു വിധത്തിലുള്ള തന്മാത്രകളുണ്ട്. Chlorophyll A, Chlorophyll B. പച്ചരക്തം
മനുഷ്യരക്തത്തിലെ ഹീമോഗ്ലോബിനും സസ്യങ്ങളിലെ ഗ്ലോറോഫിലും തമ്മിൽ വളരെ അടുത്ത രൂപസാദൃശ്യങ്ങളുണ്ട്. സുപ്രധാന വ്യത്യാസം രണ്ടുതന്മാത്രകളിലെയും കേന്ദ്രഭാഗം തന്നെ.ഹീമോഗ്ലോബിൻ തന്മാത്രയിൽ Fe ആറ്റമാണെങ്കിൽ ഹരിതക തന്മാത്ര ബാക്കിയെല്ലാം ആഗിരണം ചെയ്യും. ഹരിതകം ഇല്ലെങ്കിൽ എന്തു സംഭവിക്കും???

# ഉപ്പും കൊഴുപ്പും മതിയാക്കി ഹൃദ്രോഗമകറ്റൂ



പണക്കാരുടെ രോഗമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഹൃദ്രോഗം, വികസ്വരരാജ്യങ്ങളിലെ സാധാരണക്കാരുടെയും മുഖ്യകൊലയാളി രോഗമായി മാറുന്നുവെന്ന് ഹാർവാർഡ് സ്ക്കൂളിലെ പൊതുജനരോഗ്യവകുപ്പ് നടത്തിയ ഒരു സർവ്വേ വ്യക്തമാക്കുന്നു. ഉപ്പും കൊഴുപ്പും അനുദിനഭക്ഷണത്തിൽ അധികമാകുന്നതും യാത്രാസൗകര്യങ്ങളുടെ വർദ്ധനമൂലം, നടപ്പ് തുടങ്ങിയ വ്യായാമങ്ങൾ കുറയുന്നതുമാണ് ഈ പ്രതിഭാസത്തിനു കാരണം. വാഹനങ്ങളിൽ ഓഫീസിലേക്കും, അവിടെ ഏറെ നേരം ചടഞ്ഞിരുന്നശേഷം അതുപോലെ വീട്ടിലേക്കു തിരിച്ചും യാത്ര. വീട്ടിൽ വന്നാലോ ടിവിയുടെ മുന്നിൽ. ഇങ്ങനെ സുഖിച്ചും ജീവിക്കുന്നവർ ഓർമ്മിച്ചുകൊള്ളുക. പിന്നിലുണ്ട്, ഹൃദയാഘാത-മരണ സാധ്യതകൾ...



# ദിവ്യപ്രകാശമേ.........


*****************************************************************************



ദിവ്യപ്രകാശമായി
വന്നു എൻ അരികിൽ
എന്നും വിസ്മയമാക്കുന്ന
എൻ പ്രകാശമേ!
നിൻ കണികളുടെ തരം-
ഗങ്ങളും അത്ഭുതമായി
ഒന്ന് ചേർന്ന് ഒരു
വൈദ്യുതകാന്തിക
ഊർജ്ജമാക്കുന്നീ......
പ്രകാസകിരണങ്ങളോട്ടുകൂടി
ജ്വലിക്കുന്ന നിത്യ പ്രകാശമേ!
പല പലവർണങ്ങളാൽ
മിന്നുന്ന നീ ഏഴഴകിന്
സുന്ദരിയോ....തിളങ്ങു
നീ മലിനമാകാതെ.

# കാൻസർ

****************************************************************************





അന്നനാളത്തിലേയും മലാശയത്തിലേയും കാൻസർ കോശങ്ങൾ നീക്കം ചെയ്യാനും കുടൽ പുണ്ണിലെ രക്തസ്രാവം തടയാനും ലേസർ ചികിത്സ ഫലപ്രദമാണ്. ശ്വാസകോശാർബുദം ബാധിച്ച് ശ്വസിക്കാൻ പ്രയാസപ്പെടുന്ന രോഗിയുടെ അർബുദ കോശങ്ങൾ ലേസർ ഉപയോഗിച്ച് നീക്കം ചെയ്യാം. സ്തനങ്ങളിലും ത്വക്കിലുമുണ്ടാകുന്ന കാൻസർ സുഖപ്പെടുത്താനും ലേസർ ഉപയോഗിക്കുന്നു.

തൊലിപ്പുറത്തുണ്ടാകുന്ന ബേസൽ സെൽ കാർ സിനോമാ ഒരിനം കാൻ സറാണ്. ഇതിന് ഇന്ന് സ്വീകരിക്കുന്ന ഫലപ്രദമായ ചികിത്സാരീതിയാണ് ഫോട്ടോ ഡൈനാമിക് തെറാപ്പി. ഇൻഫ്രാറെഡ് ലേസർ ഉപയോഗിച്ചാണ് ഇത് ഉപയോഗപ്രദമാക്കുന്നത്. കാൻസറിന്റെ ആരംഭസമയത്തുതന്നെ ഈ ചികിത്സ നടത്താൻ രോഗം മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിക്കാതിരിക്കും. പ്രോസ്റ്റേറ്റ് ഗ്രന്ഥി, മൂത്രസഞ്ചി തുടങ്ങിയ ഭാഗങ്ങളിൽ ഉണ്ടാകുന്ന കാൻസറും ലേസർ ഉപയോഗിച്ച് ചികിത്സിക്കാൻ സാധിക്കും.

# സൗന്ദര്യം - ലേസറിലൂടെ

**************************************************************************



ലേസർ തെറാപ്പിയുടെ മറ്റൊരു മേഖലയാണ് ശരീരസൗന്ദര്യശാസ്ത്രം. മുഖത്തും കൈകാലുകളിലുമുള്ള പാടുകൾ, വടുക്കൾ, ടാറ്റൂ മാർക്കുകൾ മുതലായവ വേദനിപ്പിക്കാതെ നീക്കം ചെയ്ത് ശരീരസൗന്ദര്യം വീണ്ടെടുക്കാൻ ലേസർ ഉപകരിക്കും. ലേസർ കോസ്മറ്റിക് സർജറി




എന്നാണ് ഈ ചികിത്സയുടെ പേര്. ആർഗൺ ലേസറിന്റെ പച്ചനിറത്തിലുള്ള പ്രകാശത്തെ രക്തത്തിലെ ഹീമോഗ്ലോബിൻ വലിച്ചെടുത്ത് കട്ടപിടിപ്പിക്കും. ആർ ഗൺ ലേസർ, കാബർ ഡയക്ലൈസ്സ്സർ എന്നിവയാണ് ഇതിനു കൂട്ടതലായി ഉപയോഗിക്കുന്നത്.

# മികവുകളിലൂടെ ഒരു എത്തിനോട്ടം..............



















# നന്ദി...

*********************************************

**Little Kites Unit**
**Holy Family High School, Angamaly**

*********************************************